**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5811.** **02.07.2019 ൽ മറുപടിയ്ക്ക്**

**ബാർ തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടും ജോലി ലഭിക്കാത്ത എത്ര മുൻ ബാർ തൊഴിലാളികളുണ്ട് എന്നറിയിക്കാമോ; | (എ) | ബാർ ലൈസൻസ് നൽകിയിട്ടും ജോലി ലഭിക്കാത്ത 100 (നൂറ്) മുൻ ബാർ തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) | ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ സെസ്സ് പ്രകാരം എത്ര കോടി രൂപയാണ് സമാഹരിച്ചത്; അതിൽ എത്ര കോടി രൂപ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി വിനിയോഗിച്ചു; | (ബി) | 1058.89 കോടി രൂപയാണ് പ്രസ്തുത സെസ്സിലൂടെ സമാഹരിച്ചത്. 8,75,45,000/- രൂപ (എട്ടുകോടി എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സഹായധനമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ബാറുകൾ തുറന്നിട്ടും ജോലി ലഭിക്കാത്ത തൊഴിലാളികൾക്ക് കോടതിയുടെ ഇടപെടൽ മൂലം സർക്കാർ പുതുതായി പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി 30/01/2019-ലെ സ.ഉ(കൈ)നം.06/2019/നി.വ. ഉത്തരവ് പ്രകാരം "സുരക്ഷാ സ്വയം തൊഴിൽ പദ്ധതി" രൂപീകരിച്ചിട്ടുണ്ട്. കോഴിക്കോട് ടൗൺ ഹാളിൽ വച്ച് പദ്ധതിയുടെ പ്രഖ്യാപനം 20/02/2019-ന് നടത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകി എന്ന് വെളിപ്പെടുത്താമോ? | (ഡി) | പദ്ധതിയിലെ ചില വ്യവസ്ഥകളിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാൽ നാളിതുവരെ ആർക്കും തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**